ഞ്ചായത്തിന് രേഖാമൂലം നിർദ്ദേശം നൽകുകയും അതിൻമേൽ സെക്രട്ടറി നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ മേൽ നടപടി എടുക്കുകയും ചെയ്യുന്നു. ഗുരുതരമായ വീഴ്ചകളോ ക്രമക്കേടുകളോ കണ്ടെത്തിയാൽ സർക്കാർ തലത്തിൽ നടപടികൾ എടുക്കുന്നതാണ്.

117 (697) വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾക്കെതിരെയുള്ള സ്റ്റേ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി.റ്റി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2000 ജനുവരി ഒന്നുവരെ പഞ്ചായത്ത് രാജ്, നഗരപാലിക സ്ഥാപനങ്ങളുടെ പ്രവൃത്തികൾക്ക് മന്ത്രി എത്ര സ്റ്റേ നൽകിയിട്ടുണ്ട്;,

(ബി) പ്രസ്തുത സ്റ്റേ മൂലം വികസന പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏതൊക്കെ പഞ്ചായത്ത് രാജ് - നഗരപാലിക സ്ഥാപനങ്ങളുടെ പ്രവൃത്തികളാണ് സ്റ്റേ ചെയ്തത് എന്നും ആ സ്റ്റേകളിൽ ഏതൊക്കെ ഇപ്പോഴും നിലനിൽക്കുന്നുവെന്നും വിശദമാക്കുമോ;

(ഡി) ആവശ്യമായ റിപ്പോർട്ട് ലഭിച്ചിട്ടും സ്റ്റേ പിൻവലിക്കാത്ത എത്ര കേസുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചു വരുന്നു.

118 (698) കെട്ടിട നിർമ്മാണ ചട്ടങ്ങൾ

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കെട്ടിട നിർമ്മാണ ചട്ടത്തിലെ ചട്ടം മൂന്നിലെ രണ്ട് ഉപ വകുപ്പുകൾ പരസ്പരവിരുദ്ധങ്ങളാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിടം ഇടിച്ചുപൊളിച്ചു പണിയുകയാണെങ്കിൽ പഴയ കെട്ടിടത്തിനുപയോഗിച്ച അതേതരം നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് മതിപ്പുവിലയിൽ വ്യത്യാസം ഉണ്ടാകാതെ പണിയാൻ അനുവാദം ആവശ്യമില്ലെന്ന് പറയുന്ന ചട്ടം നാല് മുനിസിപ്പൽ ആക്ടിലെ 387-ാം വകുപ്പിന് വിരുദ്ധമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെട്ടിടങ്ങൾ തമ്മിലുള്ള അകലത്തെ പ്രതിപാദിക്കുന്ന ചട്ടം 24(11)ഉം (4)-ഉം പരസ്പരവിരുദ്ധങ്ങളാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) നിയമം നടപ്പാക്കുന്ന മുനിസിപ്പൽ സെക്രട്ടറിയെ ചട്ടം 157 പ്രകാരം വിജിലൻസ് കമ്മിറ്റിയിൽ അംഗമാക്കിയിരിക്കുന്നത് ശരിയാണോ;

(ഇ) മാസ്റ്റർ പ്ലാനിലും ടൗൺ പ്ലാനിലും ഉൾപ്പെടാത്ത സ്ഥലങ്ങളിൽ കെട്ടിടമോ കടയോ വയ്ക്കണമെങ്കിൽ എന്തു വേണമെന്ന് ചട്ടത്തിൽ പറയുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly